## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6372** | **03.04.2018-ന് മറുപടിയ്ക്ക്**

## വനാതിർത്തി നിർണ്ണയം

**ചോദ്യം** | **മറുപടി**

**ശ്രീ. പി.കെ.ശശി**

**ശ്രീ.കെ.രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വനാതിർത്തി വേർതിരിക്കലും നിർണ്ണയിക്കലും പ്രക്രിയയുടെ നടത്തിപ്പ് ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | വനാതിർത്തി വേർതിരിക്കലും നിർണ്ണയിക്കലും പ്രക്രിയയുടെ നടത്തിപ്പ് ഇപ്പോൾ അവസാന ഘട്ടത്തിലാണ്. വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ അതിർത്തി തിരിക്കുന്നതിനായി 2016-17 വർഷത്തിൽ 12500-ഓളം സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ 28.02.2018 വരെ 12,258 ജണ്ടകൾ നിർമ്മിച്ചു. |
| (ബി) | സംസ്ഥാനത്തിന്റെ ആകെ വനാതിർത്തി എത്ര എന്നും ഇവയിൽ എത്ര ഭാഗം അളന്നുതിരിച്ച് നാളിതുവരെ സ്ഥിരം ജണ്ടയിട്ട് വേർതിരിച്ചു എന്നും ഇതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ; | (ബി) | 2017-18 വരെയുള്ള കണക്കെടുത്തതിൽ സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,845 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 14204-കിലോമീറ്ററോളം വനാതിർത്തി വേർതിരിച്ചുകഴിഞ്ഞിട്ടുണ്ട്. 2017 മാർച്ച് മാസം അവശേഷിക്കുന്നതായി കണക്കാക്കിയ 2641-കിലോമീറ്ററോളം വനാതിർത്തി സർവ്വെ ചെയ്ത് ജണ്ട ഇട്ട് തിരിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. 2017-18 വർഷത്തിൽ 28.02.2018 വരെ വേർതിരിക്കാനുള്ള അതിർത്തിയിൽ 12258 സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഉദ്ദേശം 44,000-ഓളം സ്ഥിരം ജണ്ടകളുടെ നിർമ്മാണവും അടുത്ത രണ്ടു വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രാദേശികമായി തർക്കങ്ങളും തടസ്സങ്ങളും ഉന്നയിക്കപ്പെടുന്നുണ്ട്. ചില സ്ഥലങ്ങളിൽ വനാതിർത്തി സംബന്ധിച്ച തർക്കം വിവിധ കോടതികളുടെ പരിഗണനയിലുമാണ്. |
| (സി) | സംസ്ഥാന വനാതിർത്തി ലംഘിച്ച് കയ്യേറ്റം എത്രത്തോളമുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | 01.01.1977 ന് ശേഷം 7801.10 ഹെക്ടർ വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. |
| (ഡി) | വനഭൂമിയോട് ചേർന്നുള്ള സ്വകാര്യ ഭൂമി കൈമാറുന്നതിനും വീടുവയ്ക്കുന്നതിനും ഉള്ള നിയന്ത്രണങ്ങളുടെ പേരിൽ കർഷകരുൾപ്പെടെയുള്ളവർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി എന്ത് | (ഡി) | കർഷകർ ഉൾപ്പെടെയുള്ളവർ ബുദ്ധിമുട്ടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വനഭൂമിയോട് ചേർന്നുള്ള സ്വകാര്യ ഭൂമി കൈമാറുന്നതിനും വീടുവയ്ക്കുന്നതിനും ഉള്ള നിയന്ത്രണങ്ങളുടെ പേരിൽ കർഷകരുൾപ്പെടെയുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിനായി വനം വകുപ്പ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് ചെറുകിട കർഷകർക്ക് ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാകുന്ന സമീപനം വനം വകുപ്പിൽനിന്നും ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് ഈ വിഷയത്തിൽ ആവശ്യമായ മുൻകരുതലുകൾ എടുക്കണമെന്നും |

| | | |
|---|---|---|
| | നടപടികൾ സ്വീകരിച്ചു വരുന്നു എന്നു വ്യക്തമാക്കുമോ? | ഇതുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചാൽ അവയ്ക്ക് അതീവ പ്രാധാന്യം നൽകേണ്ടതും, കർഷകരുടെ പരാതി പരിഹരിക്കുന്നതിനുവേണ്ട അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണെന്ന നിർദ്ദേശം 27.07.2010 ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**